# എൻ.എസ്.എസ്സിനെ എതിർത്തവർ
# വിജയിച്ച ചരിത്രമില്ല

സാമൂഹിക - സംസ്കാരിക - വിദ്യാഭ്യാസ രംഗത്തുള്ള പ്രവർത്തനം 109 വർഷം പിന്നിട്ടിരിക്കുന്ന നായർ സർവീസ് സൊസൈറ്റിയെ അപകീർത്തിപ്പെടുത്തുവാനും വ്യവഹാരങ്ങളിലൂടെ ഇല്ലാതാക്കാനും ഉള്ള ഏതാനും ചിലരുടെ ശ്രമം തുടർന്നുവരുകയാണ്. സ്വന്തം പ്രവൃത്തിമൂലം സർവീസ് സൊസൈറ്റിയിൽ നിന്നും വിട്ടുപോകേണ്ടിവന്നവരും, മോഹഭംഗം വന്നവരും, അവരുടെ അനുചരന്മാരുമാണ് ഇത്തരം ശ്രമങ്ങൾക്കു പിന്നിലെന്ന് സ്വകാര്യ ചാനലുകളിലൂടെയും സാമൂഹ്യമാധ്യമങ്ങളിലെ പ്രസ്താവനകളിലൂടെയും മനസ്സിലാക്കാവുന്നതേയുള്ളൂ.

ശ്രീ മന്നത്തുപത്മനാഭൻ ഈ പ്രസ്ഥാനത്തിനു തുടക്കം കുറിച്ച നാൾ മുതൽ ഇന്നോളം നിരവധി എതിർപ്പുകളെ നേരിടേണ്ടിവന്നിട്ടുണ്ട്. സ്വസമുദായത്തിൽപ്പെട്ടവരാണ് ഇവരിൽ ഏറിയ പങ്കും. അങ്ങനെ എതിർത്തിട്ടുള്ളവർ ആരുംതന്നെ ഇന്നേവരെ അതിൽ വിജയിച്ചിട്ടില്ല, സർവീസ് സൊസൈറ്റി പരാജയം അറിഞ്ഞിട്ടുമില്ല. സമുദായാചാര്യന്റെ കാലശേഷവും ആ മഹാത്മാവിന്റെ അനുഗ്രഹംകൊണ്ട് എൻ.എസ്.എസ്സും അതിന്റെ വിവിധ സ്ഥാപനങ്ങളും കൂടുതൽ ശക്തി പ്രാപിച്ചിട്ടേയുള്ളൂ. അദ്ദേഹത്തിന്റെ കാലശേഷം കൂടുതലായി എന്തൊക്കെയാണ് സ്ഥാപിക്കാൻ കഴിഞ്ഞത് എന്നുള്ള കാര്യം, ചരിത്രം പരിശോധിച്ചാൽ ആവശ്യക്കാർക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. അതൊക്കെ പിന്നീടുള്ളവരുടെ നേട്ടമാണെന്ന് ആരും അവകാശപ്പെടുന്നില്ല, അത് ഉചിതവുമല്ല. അദ്ദേഹം നിർമ്മിച്ച ചുവരിൽ തൊട്ടുള്ള പ്രവർത്തനമാണ് പിൻഗാമികൾ ചെയ്തിട്ടുള്ളത്, ചെയ്തുവരുന്നതും.

ഇതൊന്നും മനസ്സിലാക്കാതെയാണ്, അല്ലെങ്കിൽ മനസിലായില്ലെന്നു ഭാവിച്ചാണ് ചിലർ മഹത്തായ ഈ സംഘടനയ്ക്കെതിരെയും അതിന്റെ നേതാക്കൾക്കെതിരെയും വെല്ലുവിളി നടത്തുന്നത്. കേസുകൾ കൊടുക്കുന്നതിനു പുറമേ, നേതൃത്വത്തിനെതിരെ നവസാമൂഹിക മാധ്യമങ്ങളിലൂടെ വ്യക്തിഹത്യ നടത്തുക, അപകീർത്തിപരമായ പ്രഭാഷണങ്ങൾ നടത്തുക, പ്രസ്താവനകൾ പുറപ്പെടുവിക്കുക എന്നീ വിലകുറഞ്ഞ മാർഗ്ഗങ്ങളാണ് അവർ സ്വീകരിക്കുന്നത്. നായർ സർവീസ് സൊസൈറ്റിക്കെതിരെ വളരെയേറെ എതിർപ്പുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇത്ര തരംതാണ മാർഗ്ഗങ്ങൾ ആരുംതന്നെ സ്വീകരിച്ച ചരിത്രം ഇതുവരെ ഉണ്ടായിട്ടില്ല.

ഇതിനൊക്കെ എതിരെ പ്രതികരിക്കാതിരിക്കുന്നത് ബലഹീനതയാണെന്ന് ആരും ധരിക്കേണ്ട. സംസ്കാരം അനുവദിക്കുന്നില്ല എന്നതാണ് അതിനുള്ള കാരണം.

സ്വസമുദായപുരോഗതിയിലൂടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കായി തന്റെ ജീവിതം അർപ്പിച്ച കർമ്മയോഗിയായ ശ്രീ മന്നത്തുപത്മനാഭന്റെ ആദർശങ്ങളെയും ദർശനങ്ങളെയും അതേപടി പിന്തുടരുന്ന നായർ സർവീസ് സൊസൈറ്റിയെ ഇല്ലാതാക്കാനും അതിന്റെ നേതൃത്വത്തെ അപകീർത്തിപ്പെടുത്താനും ശ്രമിക്കുന്ന ഇക്കൂട്ടർക്ക് സമുദായം ഒരിക്കലും മാപ്പുനല്കില്ല.